# നീര ഉൽപ്പാദനത്തിന് അബ്കാരി നിയമത്തിൽ മാറ്റം വരുത്തും: മന്ത്രി കെ.സി. ജോസഫ്

## ● ചെറുപുഴയിൽ കേരകർഷക സംഗമം നടത്തി

ചെറുപുഴ● തെങ്ങിന്റെ വ്യാവസായിക സാധ്യതകൾ മുതലെടുത്ത് നീര ഉൽപ്പാദനം ആരംഭിക്കുന്നതിനു അബ്കാരി നിയമത്തിൽ മാറ്റം വരുത്തുവാൻ മന്ത്രിസഭ തീരുമാനിച്ചതായി ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ചെറുപുഴയിൽ നടന്ന കേരകർഷക സംഗമവും സംവാദവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



ചെറുപുഴയിൽ നടന്ന കേരകർഷക സംഗമവും സംവാദവും മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

തെങ്ങിൽ നിന്നുള്ള അനുബന്ധ ഉൽപ്പന്നങ്ങൾ നിർമിച്ച് കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തിയാൽ മാത്രമേ കേരകർഷകരെ രക്ഷിക്കാനാവൂ. ക്ഷീരമേഖലയിൽ കേരളം വൻ കുതിച്ചുകയറ്റം നടത്തിക്കഴിഞ്ഞു. ഇപ്പോൾ കേരളത്തിനു വെളിയിൽ നിന്ന് ഒരു ലക്ഷം ലീറ്റർ പാൽ മാത്രമാണു കൊണ്ടുവരുന്നത്. മലബാർ മേഖലയിലാണെങ്കിൽ ആവശ്യത്തേക്കാൾ രണ്ടു ലക്ഷം ലീറ്റർ പാൽ അധികമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്. പാൽ, മുട്ട, പച്ചക്കറി, കോഴിയിറച്ചി എന്നിവയിലും സ്വയംപര്യാപ്തത കൈവരിക്കുകയാണ് അടുത്ത ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

സി.കൃഷ്ണൻ എംഎൽഎ അധ്യക്ഷനായി. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ.ജോസ് മുഖ്യപ്രഭാഷണം നടത്തി. ചങ്ങാതിക്കൂട്ടം ട്രെയിനിങ് സെന്ററിന്റെ ഉദ്ഘാടനം പെരിങ്ങോം പഞ്ചായത്ത് പ്രസിഡന്റ് പി.വി.തമ്പാനും കമ്പനി വെബ്സൈറ്റിന്റെ ഉദ്ഘാടനം ജില്ലാ വ്യവസായ വകുപ്പു ജനറൽ മാനേജർ കെ.എൻ. കൃഷ്ണകുമാറും ഷെയർ വിതരണ ഉദ്ഘാടനം നബാർഡ് എജിഎം പി.ദിനേശും ലോഗോ പ്രകാശനം ജില്ലാ കൃഷി ഡപ്യൂട്ടി ഡയറക്ടർ പി.സി.ധനരാജും നിർവഹിച്ചു. സിപിഎസ് ആദ്യ ഷെയർ സ്വീകരണം ആത്മ ഡപ്യൂട്ടി ഡയറക്ടർ ജയിൻ ജോർജും യന്ത്രവൽകൃത ചകിരിവ്യവസായ സഹകരണ സംഘത്തെക്കുറിച്ചു കയർപ്രോജക്ട് ഓഫിസർ കെ.സുരേന്ദ്രനാഥും ജൈവ ഉൽപ്പന്നങ്ങളുടെ സാധ്യതകളെക്കുറിച്ച് മാത്യു സെബാസ്റ്റ്യനും നീര സാധ്യതകളെക്കുറിച്ച് ബാബു ജോസഫും ക്ലാസെടുത്തു.

കോക്കനട്ട് കമ്പനിയെക്കുറിച്ച് സണ്ണി ജോർജ് ഇളംതുരുത്തി വിശദീകരിച്ചു. ചെറുപുഴ പഞ്ചായത്ത് പ്രസിഡന്റ് റോഷി ജോസ്, എ. സുഭദ്ര, വിജേഷ് പള്ളിക്കര, കെ. കുഞ്ഞിക്കൃഷ്ണൻ നായർ, കെ.എം. ഷാജി, വി. കൃഷ്ണൻ, രാജു ചുണ്ട, ഡെന്നി കാവാലം, എം. സതീശൻ, എം.കെ. ഇബ്രാഹിം, ജോയിക്കുട്ടി വിൻസന്റ് എന്നിവർ പ്രസംഗിച്ചു.